കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭയിലെ റവന്യു ഇൻസ്പെക്ടറായിരുന്ന ശ്രീ. എൻ. വിജയകുമാറിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1409/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 04.04.2016.

===

**പരാമർശം :** 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25.02.2009 തീയതിയിലെ E1(VE 22/02/TVM) 4731/2002 നമ്പർ കത്ത്.

2) 03.02.2010 തീയതിയിലെ 75908/ഇയു1/2009/തസ്വഭവ. നമ്പർ കുറ്റപത്രം.

3) കുറ്റപത്രത്തിന് ശ്രീ. എൻ. വിജയകുമാർ സമർപ്പിച്ച 19.03.2010 തീയതിയിലെ മറുപടി.

4) 20.01.2011 തീയതിയിലെ സ.ഉ.(സാധാ) നം. 223/2011/തസ്വഭവ.

5) 25.08.2012 തീയതിയിലെ സ.ഉ. (സാധാ) നം. 2491/12/തസ്വഭവ.

6) നഗരകാര്യ ഡയറക്ടറുടെ 28.08.2010, 24.03.2012, 26.09.2015 തീയതികളിലെ വി1-15800/2009/ഡി.യു.എ. നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ 2001-02 കാലഘട്ടത്തിൽ ശ്രീ. എം. ഷംസുദീൻ ഗംഗോത്രി റ്റി.സി. 20/1543 ചെറുകോട് ലൈൻ, കരമന, തിരുവനന്തപുരം എന്ന വ്യക്തിയുടെ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചതിൽ ഗുരുതരമായ ക്രമക്കേട് നടത്തി നഗരസഭയക്ക് വൻ സാമ്പത്തിക നഷ്ടം വരുത്തിയിട്ടുള്ളതായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി സൂപ്രണ്ട് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ള പ്രസ്തുത കെട്ടിടം റവന്യൂ ഇൻസ്പെക്ടർ പരിശോധിച്ച് 224.9 ച.മീ തറവിസ്തീർണ്ണം കണക്കാക്കി 29280/- രൂപ നികുതി നിശ്ചയിച്ച് ആയത് ഈടാക്കി കെട്ടിട നമ്പർ നൽകുവാൻ ആർ4-റ്റി.പി3-35082/01-ഠം നമ്പർ ഫയൽ പ്രകാരം നടപടി സ്വീകരിക്കുകയുണ്ടായി. എന്നാൽ കക്ഷി നിർമ്മിച്ച കെട്ടിടത്തിന് 418.9 ച.മീ തറ വിസ്തീർണ്ണം ഉണ്ടായിരിക്കേ ആയത് ശരിയായ രീതിയിൽ പരിശോധിച്ച് നികുതി കണക്കാക്കി നൽകാതെ ഒക്കുപ്പെൻസി സർട്ടിഫിക്കറ്റിൽ കാണിച്ചിരുന്ന 224.9 ച.മീ തറ വിസ്തീർണ്ണം കണക്കാക്കി നികുതി നിർണ്ണയിക്കുകയുണ്ടായി.

അപ്രകാരം നികുതി നിർണ്ണയിച്ചതു കാരണം നഗരസഭയ്ക്ക് 2008-09 സാമ്പത്തിക വർഷം വരെ നികുതി ഇനത്തിൽ 2,01,136/- രൂപ നഷ്ടം സംഭവിക്കുകയുണ്ടായി എന്നും കണ്ടെത്തിയിരുന്നു. പ്രസ്തുത ക്രമക്കേടിനുത്തരവാദിയായ റവന്യൂ ഇൻസ്പെക്ടർ ക്കെതിരെ കടുത്ത ശിക്ഷയ്ക്കുള്ള' (Major Penality) അച്ചടക്കനടപടി കൈക്കൊള്ളുന്നതിന് ഒന്നാം പരാമർശിത കത്ത് പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. എൻ. വിജയകുമാറിന് രണ്ടാം പരാമർശിത കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി.

2) കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. എൻ. വിജയകുമാർ സമർപ്പിച്ച മൂന്നാം പരാമർശിത മറുപടിയിൽ, റവന്യു ഇൻസ്പെക്ടർ എന്ന നിലയിൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്കാണ് നികുതി നിർദ്ദേശം അംഗീകാരത്തിനായി മേലുദ്യോഗസ്ഥന് സമർപ്പിക്കുന്നതെന്നും ടി സർട്ടിഫിക്കറ്റിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം കൃത്യമായും രേഖപ്പെടുത്തിയിട്ടു ണ്ടായിരിക്കണമെന്നും. തൊട്ടടുത്ത കെട്ടിടങ്ങളുടെ നികുതി നിരക്ക്, കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ പ്രാധാന്യം, ഉപയോഗരീതി, നിർമ്മാണസാധനങ്ങൾ എന്നിവ ബോധ്യപ്പെട്ട് മേഖല തിട്ടപ്പെടുത്തി യൂണിറ്റ്കോസ്റ്റ് കണ്ടുപിടിച്ച ശേഷം ഒക്കുപ്പെൻസി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുളള തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തിരുവനന്തപുരം നഗരസഭയിൽ നികുതി നിർണ്ണയനിർദ്ദേശം അംഗീകാരത്തിന് സമർപ്പിക്കുന്നത് എന്നും റവന്യു ഇൻസ്പെക്ടർ കെട്ടിടം അളന്ന് തിട്ടപ്പെടുത്താറില്ലെന്നും ടൗൺപ്ലാനിംഗ് വിഭാഗത്തിലെ ടെക്നിക്കൽ ഉദ്യോഗസ്ഥന്മാരാണ് തറവിസ്തീർണ്ണം അളന്ന് രേഖപ്പെടുത്തുന്നതെന്നും ഇക്കാര്യത്തിൽ യൂണിറ്റ് കോസ്റ്റ് കണ്ടുപിടിക്കുന്നതിൽ റവന്യൂ ഇൻസ്പെക്ടറെന്ന നിലയിൽ തനിക്ക് യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ലാത്തതാണ് എന്നും എന്നാൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റിലെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയ താണ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന വ്യത്യാസത്തിനു കാരണമെന്നും ഇതാകട്ടെ ടിയാന്റെ കുറ്റം കൊണ്ട് സംഭവിച്ചതല്ലായെന്നും നികുതി നിർണ്ണയത്തിന് ഇന്നേവരെ പ്ലിന്ത് ചുമത്തിയിട്ടില്ലാത്തതാണെന്നും, നികുതി നിർണ്ണയത്തിന് ഏരിയ അടിസ്ഥാത്തിൽ കേരളത്തിൽ വസ്തു നികുതി ചുമത്തിയിട്ടില്ലാത്തതാണെന്നും, അതുകൊണ്ടുതന്നെ തറവിസ്തീർണ്ണം അളക്കുന്ന കാര്യത്തിൽ റവന്യൂ ഇൻസ്പെക്ടർ ശ്രദ്ധിക്കേണ്ടിവന്നിട്ടില്ലായെന്നും, തറവിസ്തീർണ്ണം ശരിയാണോ എന്നുള്ള പരിശോധന സാങ്കേതിക വൈദഗ്ധ്യമുള്ളവരുടെ സഹായത്തോടെ യായിരിക്കണമെന്നും വ്യക്തമാക്കപ്പെട്ടിട്ടുള്ളതിനാൽ ടിയാൻ മനഃപൂർവ്വം യൂണിറ്റ് കോസ്റ്റു കുറച്ചോ, ഒക്കുപ്പൻസി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ തറവിസ്തീർണ്ണം കുറച്ചോ നികുതി നിശ്ചയിച്ചിട്ടില്ലെന്നും, അങ്ങനെ മനഃപൂർവ്വം നഷ്ടം വരുത്തിയിട്ടില്ലെന്നും ബോധ്യമാകുന്നതാണ് എന്നും ഒക്കുപ്പൻസിയിലെ അളവ് കൃത്യമെന്ന് ധരിച്ച് ഉത്തമബോദ്ധ്യത്തിലാണ് ടിയാൻ സത്യസന്ധമായി നികുതിനിർണ്ണയം നടത്തിയിട്ടുള്ളത് എന്നും അറിയിക്കുകയുണ്ടായി.

3) ശ്രീ.എൻ. വിജയകുമാർ ടിയാന് നൽകിയ കുറ്റാരോപണ മെമ്മോയ്ക്ക് സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാലും ടിയാന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ച സംഭവിച്ചതായി നഗരകാര്യ ഡയറക്ടർ മൂന്നാം പരാമർശിത കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തതിനാലും ടിയാനെതിരായ

അച്ചടക്കനടപടി തുടരുന്നതിന്റെ ഭാഗമായി വിശദമായ (Oral Enquiry) വാച്യാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നാലാം പരാമർശിത ഉത്തരവ് പ്രകാരം നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. ആയതിൻ പ്രകാരം വാച്യാന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ 24.03.2012 തീയതിയിലെ വി1-15800/2009/ഡി.യു.എ. നമ്പർ റിപ്പോർട്ട് എം.ഡി.പി. യിലെ ചട്ടങ്ങൾ അനുശാസിക്കും പ്രകാരം തയ്യാറാക്കിയിട്ടുള്ളതല്ലാത്തതിനാൽ ഇക്കാര്യത്തിൽ പുനരന്വേഷണം നടത്തി എം.ഡി.പി. ചട്ടം 18-35 പ്രകാരം വിശദമായ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുവാൻ അഞ്ചാം പരാമർശിത ഉത്തരവ് പ്രകാരം നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി.

4) ശ്രീ. എൻ. വിജയകുമാറിനെ 03.10.20102-ൽ നേരിൽ കേട്ട് മൊഴി രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കണ്ടെത്തലുകൾ നടത്തിയിട്ടുള്ളതായി 6-ാം പരാമർശിത കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ അറിയിക്കുകയുണ്ടായി.

a) 2011-ലെ പുതിയ Plinth Area basis property Tax Assessment ചട്ടങ്ങളിൽ പോലും കെട്ടിടത്തിന്റെ വിസ്തീർണ്ണം നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത് ഇതിലേയ്ക്ക് സാങ്കേതിക പരിജ്ഞാനം ലഭിച്ചിട്ടുള്ള ടൗൺ പ്ലാനിംഗ് ഉദ്യോഗസ്ഥരെയാണ്.
ശ്രീ വിജയകുമാറിന്റെ മൊഴിയിലും ഇതു പറയുന്നുണ്ട്.
b) ടിയാൻ പരിശോധിച്ച മൂല്യനിർണ്ണയത്തിനായി എടുത്ത മറ്റ് ചട്ടങ്ങൾക്ക് ഒരു തെറ്റുപോലും ചൂണ്ടിക്കാണിച്ചിട്ടില്ല എന്നു കാണുന്നു.
c) നഗരസഭയിലെ സാങ്കേതിക വിഭാഗം ജീവനക്കാർ പരിശോധിച്ച നൽകുന്ന ഒക്കുപ്പൻസി സർട്ടിഫിക്കറ്റിന്മേൽ റവന്യു ഇൻസ്പെക്ടർമാർ വീണ്ടും ഏരിയ അളന്ന് തിട്ടപ്പെടുത്താറില്ല എന്നു കാണുന്നു.

5) സാങ്കേതിക വിഭാഗം ജീവനക്കാർ പരിശോധിച്ച് നൽകുന്ന ഓക്കുപ്പൻസി സർട്ടിഫിക്കറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ റവന്യു ഇൻസ്പെക്ടർമാരാണ് പ്രാഥമികമായി വാല്യുവേഷൻ നൽകി അസ്സെസ്സ്മെന്റ് നടത്തുന്നത്. റവന്യു ഇൻസ്പെക്ടർ നടത്തുന്ന വാല്യുവേഷൻ തുടർന്ന് റവന്യു ഓഫീസർ, ഡെപ്യൂട്ടി സെക്രട്ടറി (മുനിസിപ്പൽ കോർപ്പറേഷനുകളിൽ മാത്രം), സെക്രട്ടറി എന്നിവർ അംഗീകരിക്കുന്ന മുറയ്ക്ക് അന്തിമമാകുന്നു. സാധാരണ നിലയിൽ സാങ്കേതിക വിഭാഗം ജീവനക്കാർ പരിശോധിച്ച് നൽകുന്ന ഒക്കുപ്പൻസി സർട്ടിഫിക്കറ്റിന്മേൽ രേഖപ്പെടുത്തിയിരിക്കുന്ന പ്ലിന്ത് ഏരിയ വിവരങ്ങൾ വീണ്ടും അളന്ന് തിട്ടപ്പെടുത്തുവാൻ ഇൻസ്പെക്ടർ ബാധ്യസ്ഥനല്ല. എന്നാൽ പ്രഥമ ദൃഷ്ട്യാ അളവുകളുടെ പൊരുത്തക്കേട് തോന്നുന്ന പക്ഷം ആ വിവരം അറിയിക്കുകയോ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹകരണത്തോടെ പുനഃപരിശോധന നടത്താവുന്നതും ശരിയായ പ്ലിന്ത് ഏരിയ രേഖപ്പെടുത്തി അസ്സെസ്സ്മെന്റ് നടത്തുകയും ചെയ്യാവുന്നതാണ്. ടി വിഷയവുമായി ബന്ധപ്പെട്ട നഗരസഭാ ഫയൽ പരിശോധിച്ചതിൽ വിജിലൻസിന്റെ 29.12.2008-ലെ VE-22/2002/TVM നമ്പർ റിപ്പോർട്ടിൽ അസിസ്റ്റന്റ് ടൗൺ

പ്ലാനിംഗ് ഓഫീസറായിരുന്ന ശ്രീ.എം.സി. രാജൻ ആണ് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് നികുതി നിശ്ചയിച്ചിട്ടുള്ളത് എന്നും കാണുന്നു. ശ്രീ.എം.സി. രാജൻ 31.08.2002-ൽ റിട്ടയർ ചെയ്തിട്ടുള്ളതും 21.04.2005-ൽ മരണപ്പെട്ടിട്ടുള്ളതുമാണ്.

6) പ്ലിന്ത് ഏരിയ അളന്നു തിട്ടപ്പെടുത്തിയ ഉദ്യോഗസ്ഥൻ മരണപ്പെട്ടതിനാലും, ആരോപണ വിധേയനായ ശ്രീ. എൻ. വിജയകുമാർ റിട്ടയർ ചെയ്തതിനാലും തിരുവനന്തപുരം നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ. എൻ. വിജയകുമാറിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**
**വി. ബിനു കുമാർ,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്,
തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ശ്രീ. എൻ. വിജയകുമാർ, (നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ് (13637/ഡി1/2015/വിജി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

സെക്ഷൻ ഓഫീസർ